# പൂവൻ കോഴി കൂകുമ്പോൾ

## (മത്തായി 26:31-75)

ഉൾപ്രദേശങ്ങളിൽ താമസിച്ചിട്ടുള്ള എല്ലാവരും പൂവൻകോഴി കൂകുന്നതു കേട്ടിരിക്കും – ആ പക്ഷി നിഗളത്തോടെ, നീണ്ടു നിവർന്നു കഴുത്തു നീട്ടി പ്രഭാതത്തെ വന്ദനം ചെയ്യുന്നതു കണ്ടിരിക്കാം. എന്തു കൊണ്ടാണ് പൂവൻ കോഴികൂകുന്നത് എന്നെനിക്കറിഞ്ഞുകൂടാ.[1] ഞാൻ കരുതുന്നതു – അതു തന്റെ കപ്പലണ്ടി വലുപ്പത്തിലുള്ള തലച്ചോറിൽ, വിശ്വസിക്കുന്നുണ്ടാവും താൻ കൂവിയില്ലെങ്കിൽ സൂര്യൻ ഉദിക്കയില്ല എന്ന്.

ഞാൻ കുട്ടിയായിരുന്നപ്പോൾ, കോഴിയുടെ കൂവൽ കേട്ടിട്ടുള്ളതു സമ്മിശ്ര വികാരത്തോടെയാണ്. പുതിയ ദിവസത്തിന്റെ ആരംഭത്തെ യാണ് അതു കുറിക്കുന്നത്. അതു നല്ലകാര്യമാണ്. ചൂടുള്ള ബെഡ്ഡിൽ നിന്നു എന്റെ പതിവു ജോലിയ്ക്കുള്ള സമയമായി എന്ന മുന്നറിയി പ്പാണ് എനിക്ക്. അതത്ര നന്നായി എനിക്കു തോന്നിയിരുന്നില്ല.

ചരിത്രത്തിൽ ഒരാൾക്കു, ഈ പൂവൻകോഴി കൂകുന്നതു സന്തോഷം ഉണ്ടാക്കിയില്ലെന്നു മാത്രമല്ല, അഗാധമായ ദു: ഖവു മുണ്ടാക്കി. ആ മനുഷ്യന്റെ പേരായിരുന്നു പത്രൊസ്. ആ ദു:ഖകരമായ സംഭവം അവസാനിക്കുന്നതു മത്തായി 26:73–75 വരെയുള്ള വാക്യങ്ങൾ കാണാം:

> അല്പനേരം കഴിഞ്ഞിട്ടു അവിടെ നിന്നവർ അടുത്തു വന്നു പത്രൊസിനോടു, "നീയും അവരുടെ കൂട്ടത്തിൽ ഉള്ളവൻ സത്യം; നിന്റെ ഉച്ചാരണവും നിന്നെ വെളിവാക്കുന്നുവല്ലോ എന്നു പറഞ്ഞു." അപ്പോൾ അവൻ, "ആ മനുഷ്യനെ ഞാൻ അറിയുന്നില്ല" എന്നു പ്രാകുവാനും ആണയിടുവാനും തുടങ്ങി. ഉടനെ കോഴി കൂകി എന്നാറെ, "കോഴി കൂകും മുമ്പേ, നീ മുന്നു വട്ടം തള്ളി പറയും" എന്നു യേശു പറഞ്ഞ വാക്കു പത്രൊസ് ഓർത്തു പുറത്തു പോയി അതി ദു: ഖത്തോടെ കരഞ്ഞു.

പൂവൻ കോഴി കൂകുന്നതിൽ ഊന്നൽ കൊടുത്തു കൊണ്ട് പത്രൊസിന്റെ തള്ളിപ്പറയൽ സംഭവം നമുക്കു പഠിക്കാം.നമ്മുടെ വേദഭാഗമായി നമുക്കു മത്തായി 26 ഉപയോഗിക്കാം, എന്നാൽ ഇതിനു സമാന്തരമായ വിവരങ്ങളുടെ ചില വിശദീകരണങ്ങൾ കൂടെ കൊണ്ടു വരുന്നുണ്ട് (മർക്കൊസ് 14; ലൂക്കോസ് 22; യോഹന്നാൻ 18). നാം ആദ്യം പത്രൊസിനുവേണ്ടി കോഴി കുകിയപ്പോൾ എന്നതു നോക്കാം, പിന്നെ നമുക്കു കോഴികൂകുന്നതുശ്രദ്ധിക്കാം.

## പൂവൻ കോഴി പത്രൊസിനു വേണ്ടി കൂകിയപ്പോൾ

### പ്രഖ്യാപനവും എതിർപ്പും

മത്തായി 26-ാം അദ്ധ്യായത്തിൽയേശു തന്റെ ശിഷ്യന്മാരുമായി മാളിക മുറിയിലായിരുന്നു. വരുവാനിരിക്കുന്നതു അറിഞ്ഞു താൻ തന്റെ പിൻഗാമികളെ മുന്നറിയിക്കുവാൻ ശ്രമിച്ചു. "മുന്നറിയിപ്പായി" യേശു അവരോടു, ഈ രാത്രിയിൽ നിങ്ങൾ എല്ലാവരും എങ്കൽ ഇടറും (വാക്യം 31). "ഇടറുക" എന്നതു ഗ്രീക്കു വാക്കിന്റെ അർത്ഥമാണ്.[2] യേശു ഫലത്തിൽ പറഞ്ഞു, "എന്റെ നിമിത്തം നിങ്ങൾ ഈ രാത്രിയിൽ ലജ്ജിക്കപ്പെടുകയും ഇടറി വീഴുകയുംചെയ്യും."

പിന്നീട് യേശു സെഖര്യാവ് 13:7; ഉദ്ധരിക്കുകയുണ്ടായി: "ആടുകൾ ചിതറിപോകേണ്ടതിനു ഇടയനെ വെട്ടുക" (വാക്യം 31). ഇടയനെ വെട്ടുമെന്നു പറഞ്ഞിരിക്കുന്നതിന്റെആശയംയേശുവിന്റെമരണത്തെ സൂചിപ്പിക്കുന്നു.

തന്റെ ശിഷ്യന്മാർ തന്നെ ഉപേക്ഷിക്കുമെന്നു അറിയുകയും മുന്നറിയിക്കുകയും ചെയ്തിരുന്നെങ്കിലും, അവൻ അവരെ വീണ്ടും സ്നേഹിക്കുകയും സ്വീകരിക്കുകയും ചെയ്തു. 32-ാം വാക്യത്തിൽ താൻ ഉയിർത്തെഴുന്നേറ്റശേഷം അവൻ അവരോടു ചേരും എന്നു പറയുന്നു. "എന്നാൽ ഞാൻ ഉയിർത്തെഴുന്നേറ്റശേഷം നിങ്ങൾക്കു മുമ്പായി ഗലീലക്കു പോകും."

പത്രൊസ്, എങ്ങനെയായാലും, സ്നേഹവും കരുതലും കേട്ടില്ല. അവനും മറ്റു ശിഷ്യന്മാരും യേശുവിനെ ഉപേക്ഷിച്ചു പോകുമെന്നു പറഞ്ഞതു മാത്രം കേട്ടു. അവനു അതു സ്വീകാര്യവുമായിരുന്നില്ല. അതിനു പത്രൊസ്: "എല്ലാവരും നിങ്കൽ ഇടറിയാലും ഞാൻ ഒരുനാളും ഇടറുകയില്ല എന്നു പറഞ്ഞു" (വാക്യം 33). ശിഷ്യന്മാരിൽ പത്രൊസ് മാത്രമല്ല ആദ്യമായും അവസാനമായും "ഗുരോ ഇപ്രാവശ്യം നിങ്ങൾക്കു തെറ്റിപോയി" എന്നു പറയുന്നതു. കർത്തൃമേശ സ്ഥാപിച്ചു കൊടുക്കുമ്പോൾ പത്രൊസും ഉൾപ്പെട്ടിരുന്നു അവൻ കർത്താവിനോടും മറ്റു ശിഷ്യന്മാരോടും കൂട്ടായ്മ പുലർത്തി. അവൻ ശകതനാണെന്നു സ്വയം കരുതി. "അതൊരിക്കലും സംഭവിക്കരുത് !" പത്രൊസ് ശഠിച്ചു.

യേശു മുന്നറിയിപ്പ് ആവർത്തിച്ചു, വ്യക്തിപരമായി പത്രൊസിനോടും: "ഈ രാത്രിയിൽ കോഴി കൂകുംമുമ്പെ നീ എന്നെ മൂന്നു വട്ടം തള്ളി പറയും" (വാക്യം 34). "കോഴി കൂകുംമുമ്പെ" എന്നു പറഞ്ഞാൽ ''പ്രഭാതത്തിനു മുമ്പ്''എന്നർത്ഥം. മറ്റൊരു വാക്കിൽ പറഞ്ഞാൽ, "ഇനി മൂന്നു, നാലു, അഞ്ചു മണിക്കൂർ കഴിഞ്ഞ്, നീ എന്നെ മൂന്നുവട്ടം തള്ളി പറയും."

പത്രൊസിനു അതു ഊഹിക്കാൻ പോലും കഴിഞ്ഞില്ല. അവനു അതു കറുപ്പു വെള്ളയായി തീരും, എന്നു പറയുന്നതു പോലെതോന്നി. അല്ലെങ്കിൽ മുകൾഭാഗം താഴെയാകും, എന്നു പറയുന്നതുപോലെ തണുപ്പുരുകി ചൂടാകുമെന്നു പറയുന്നതു പോലെ തോന്നി. "നിന്നോടു കൂടെ മരിക്കേണ്ടി വന്നാലും ഞാൻ നിന്നെ തള്ളി പറയുകയില്ല" (വാക്യം 35)! അതു നമ്മെ 1 കൊരിന്ത്യർ 10:12 ഓർമ്മിപ്പിക്കുന്നു "നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിക്കാൻ നോക്കി കൊള്ളട്ടെ."

**യാഥാർത്ഥ്യവും ഫലങ്ങളും**

മുന്നറിയിപ്പു നല്കിയ ശേഷം, യേശുവും ശിഷ്യന്മാരും മാളിക മുറിയുടെ പവിത്രതവിട്ടു പുറത്തു "വാസ്തവത്തിലുള്ള ലോകത്തിലേയ്ക്കു'' കടന്നു - ഗദ്ശെമന തോട്ടത്തിലെത്തി. യേശുപത്രോസിനേയും, യാക്കോബിനേയും യോഹന്നാനേയും കൂട്ടിക്കൊണ്ടു തോട്ടത്തിന്റെ ഹൃദയഭാഗത്തേയ്ക്കുപോയി. അവൻ അവരോടു, "ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ"എന്നു പറഞ്ഞു (വാക്യം 41). പക്ഷേ അവർ ഉറങ്ങി പ്പോയി. പത്രൊസ് ശ്രദ്ധിക്കേണ്ട സമയത്തു സംസാരിക്കുകയായിരുന്നു. പത്രൊസ്: ഇപ്പോൾ പ്രാർത്ഥിക്കേണ്ട സമയത്ത് ഉറങ്ങിപ്പോയി. അവൻ തരം താഴ്ത്തപ്പെട്ടതിൽ അതിശയിക്കാനില്ല!

പുരുഷാരം വന്നു, യൂദാ ചുംബനം കൊണ്ടു യേശുവിനെ ഒറ്റിക്കൊടുത്തു. പത്രൊസ് തയ്യാറായിരുന്നു: അവന്റെ വാൾ പുറത്തുവന്നു, മഹാപുരോഹിതന്റെ ദാസന്റെ കാത് അറുത്തു കളഞ്ഞു (വാക്യം 51; യോഹന്നാൻ 18:10). യേശു അവനെ നോക്കി അവനോടു, "വാൾ ഉറയിൽ ഇടുക വാൾ എടുക്കുന്നവർ ഒക്കെയും വാളാൽ നശിച്ചു പോകും എന്നു പറഞ്ഞു" (വാക്യം 52).

പത്രൊസിന്റെ എതിർപ്പു ഊഹിക്കുക: "കർത്താവേ നിൽക്കണേ. ഞാൻ നിനക്കു വേണ്ടി മരിക്കാൻ പോലും തയ്യാറാണ് എന്നു പറഞ്ഞില്ലേ - ഇതാ ഞാൻ റെഡിയാണ്! എന്റെ പുറകിൽ നിന്നാൽ മതി, ഞാൻ നിന്നെ രക്ഷിക്കാം. അവർ എന്നെ എന്തെങ്കിലും ചെയ്തിട്ടല്ലാതെ നിന്നെ അവർക്കു പിടിക്കാൻ സാധ്യമല്ല!" എന്നാലും യേശു പറഞ്ഞു, പത്രൊസേ നിന്റെ വാൾ നീ മാറ്റുക. അങ്ങനെ പത്രൊസ് യാഥാർത്ഥ്യത്തിലേയ്ക്കു തിരിച്ചു വന്നു. അവനു മാനുഷിക പദ്ധതി ഉണ്ടായിരുന്നു.

പക്ഷേ യജമാനന്റെ പദ്ധതി ആയിരുന്നില്ല.

നമുക്കു പലപ്പോഴും മാനുഷിക പദ്ധതികളുണ്ട്, അല്ലേ?നമുക്കു സുരക്ഷിതത്തിന്റെ ഉറവിടമുണ്ട്. നമ്മുടെ - സുരക്ഷാമേഖലകൾ - അതു നമ്മുടെ വീടുകളും സമ്പാദ്യങ്ങളും ആകാം.ജോലിയാകാം; ആരോ ഗ്യവും ശക്തിയുമാകാം; വിവാഹമാകാം, പങ്കാളിയാകാം, കുട്ടികൾ ആകാം. അവയെല്ലാം പെട്ടെന്നു എടുത്തു കളഞ്ഞേക്കാം.അപ്പോൾ നമുക്കു വേദന തോന്നും. കർത്താവേ നീ ഞങ്ങളോടു ഇങ്ങനെ ചെയ് തതെന്ത് എന്നു പറഞ്ഞു വിലപിക്കും. ഒരുപക്ഷേ അവനിൽ ആശ്രയി ക്കേണ്ടതിനു അവൻ നമ്മെ ഒരു പാഠം പഠിപ്പിക്കയാകാം.

പത്രൊസിന്നു തന്റെ സ്വർത്ഥത മുറിവേൽക്കപ്പെട്ടു; യേശുവിനാൽ പരസ്യമായി ശാസിക്കപ്പെട്ടു.

പത്രൊസിലേയ്ക്കു യാഥാർത്ഥ്യം വരാൻ തുടങ്ങി. പുരുഷാരം വന്നു യേശുവിനെ പിടിച്ചുകൊണ്ടുപോയി. യേശു മുന്നറിയിച്ചതു പോലെ “ശിഷ്യന്മാരെല്ലാവരുംഅവനെ വിട്ടു ഓടി പോയി” (വാക്യം 56).

> യേശുവിനെ പിടിച്ചവരോ മഹാപുരോഹിതനായ കയ്യഫായുടെ അടുക്കൽ ശാസ്ത്രിമാരും മൂപ്പന്മാരും ഒന്നിച്ചു കൂടിയിരുന്നേടത്തു അവനെ കൊണ്ടു പോയി. എന്നാൽ പത്രൊസ് ദൂരവേ മഹാപുരോഹിതന്റെ അരമനയോളം പിൻ ചെന്നു അകത്തു കടന്നു അവസാനം കാണ്മാൻ സേവകന്മാരോടു കൂടിയിരുന്നു (വാക്യം 57, 58).

പുരുഷാരത്തെ പിൻചെന്നു മഹാപുരോഹിതന്റെ വീട്ടിലേയ്ക്കു യോഹന്നാനും പോയിരുന്നു എന്നു മറ്റൊരു വിവരണത്തിൽ പറയുന്നു (യോഹന്നാൻ 18:15)

യേശുവും ശിഷ്യന്മാരും - തോട്ടത്തിനു പുറത്തുകെദ്രോൺ കടന്നു നഗരത്തിലേയ്ക്കു - പോയപ്പോൾ ജനക്കൂട്ടവും മടങ്ങിപോയിരിക്കാം. അവർ മഹാപുരോഹിതത്തിന്റെ അടുക്കൽ എത്തുന്നതിനായി കാത്തിരിക്കാം. യോഹന്നാനു പരിചയമുണ്ടായിരുന്ന മഹാപുരോഹിത നായിരുന്നു (ഒരുപക്ഷേ യോഹന്നാൻ ഈ മഹാപുരോഹിതനുമായി വ്യാപാരം ഉണ്ടായിരിക്കാം), അതുകൊണ്ടു യോഹന്നാനെ അകത്തേക്കു കടക്കുവാൻ അനുവദിച്ചു. പിന്നെ അവൻ പത്രൊസിനെയും അകത്തു കയറുവാൻ അനുവാദം വാങ്ങി (യോഹന്നാൻ 18:16).

പത്രൊസ് അവിടെ കെട്ടിടങ്ങളുടെ നടുവിലുളള മുറ്റത്തെത്തി, മറ്റുവിവരങ്ങൾ പറയുന്നതു അവിടെ ആളുകൾ തീ കാഞ്ഞു കൊണ്ടിരുന്നു എന്നാണ് - തണുപ്പകറ്റാനെന്നു നിസംശയം പറയാം. പത്രൊസ് അവിടെയുളളവൻ എന്നു വരുത്തി തീർക്കുവാൻ ശ്രമിച്ചു തീ കായുന്നവരുടെ കൂടെയിരുന്നു “അവസാനം കാണ്മാൻ” ദൂരെ മാറിയിരുന്നു

(മത്തായി 26:58). തുറന്ന വാതിലുകളിലൂടേയും ജനലുകളിലൂടേയും അവന്നു ഒരു പക്ഷേ വിചാരണ നടക്കുന്നതു കാണാമായിരുന്നേക്കാം.

നാം കൂടുതൽ മുൻപോട്ടു പോകുന്നതിനു മുൻപ് മുറ്റത്തു - സിംഹങ്ങളുടെ കൂട്ടിൽ മറ്റു ശിഷ്യന്മാർ ആരും ഉണ്ടായിരുന്നില്ല എന്നു ശ്രദ്ധിക്കുക. യോഹന്നാൻ ഒഴിച്ചു എല്ലാവരും ചിതറി പോയിരുന്നു.[3] അതുകൊണ്ടു പത്രൊസിനു കുറച്ചു ധൈര്യവും സമർപ്പണവും ഉണ്ടെന്നു നമുക്കു സമ്മതിക്കാം.

പെട്ടെന്നു യാഥാർത്ഥ്യം വന്നു - ചെറിയ വാതിൽ കാവൽക്കാരിയോടു, യോഹന്നാനേയും പത്രോസിനേയും അകത്തു കടത്തിയത് അവൾ മുഖേനയാണ് (യോഹന്നാൻ 18:17). ഇതാ അവൾ വരുന്നു, ചെറിയ പെൺകുട്ടി ചെറിയ ഒരു പ്രസ്താവനയുമായി വലിയ ശക്തനായ മുക്കുവന്റെ അടുക്കൽ: ''നീയും ഗലീല ക്കാരനായ യേശുവിനോട് കൂടെ ആയിരുന്നുവല്ലോ എന്നു പറഞ്ഞു" (വാക്യം 69). ഇപ്പോൾ പത്രൊസിനു ജനക്കൂട്ടത്തിൽ നിന്നു ചൂടനുഭവപ്പെട്ടു തുടങ്ങി. ശക്തനായിരുന്നവൻ ഒരു ചെറിയ പെൺ കുട്ടിയുടെ മുമ്പിൽ പൊടിയായി തീർന്നു. അതിനു അവൻ: "നീ പറയുന്നതു എനിക്കു തിരിയുന്നില്ല എന്നു എല്ലാവരും കേൾക്കെ തള്ളി പറഞ്ഞു" (വാക്യം 70). ഒന്നാമത്തെ തള്ളിപറയൽ സംഭവിച്ചു.

പത്രൊസ് പിൻവാങ്ങി. അവൻ തീ കായുന്നതു മതിയാക്കി ഇരുട്ടിലേയ്ക്കു നീങ്ങി പടിപ്പുരയിലേയ്ക്കു പോയി.[4] അപ്പോഴും അവനു ഒഴിഞ്ഞു മാറാനായില്ല. മറ്റൊരു ബാല്യക്കാരി അവനെ അവിടെ കണ്ടു. "അവൻ വാതിൽക്കലേക്ക് പോയപ്പോൾ അവിടെനിന്നിരുന്നവനോട്, 'അവൻ നസ്രാനായ യേശുവിനോടു കൂടെ', ആയിരുന്നു എന്നു പറഞ്ഞു" (വാക്യം 71). എല്ലാ വിവരങ്ങളും കൂട്ടിച്ചേർത്തു നോക്കിയാൽ ഈ സമയത്ത് ധാരാളം ആളുകൾ ഉൾപ്പെടുന്നതായി കാണാം ചുരുങ്ങിയതുരണ്ടുപേരെങ്കിലുംയോജിച്ചുകൊണ്ടുപറഞ്ഞു: ''അതെ, ശരി! അവൻ നസറായനായ യേശുവിനോടു കൂടെയായിരുന്നു!"

പത്രോസ് ഒരുപക്ഷേ ഇപ്പോൾ വിയർക്കുന്നുണ്ടാകും ''ആ മനുഷ്യനെ ഞാൻ അറിയുന്നില്ല'' എന്നു അവൻ രണ്ടാമതും ആണയോടെ തള്ളിപ്പറഞ്ഞു (വാക്യം 72). ആ സമയത്തു അവൻ ചെയ്ത "ആണ" ഒരുപക്ഷേ ദൈവ നിന്ദയായി പറയാവുന്നതല്ല. മറിച്ച് യെഹൂദന്മാർ ഔപചാരികമായി പറയുന്ന ആണയാണ്. താൻ പറഞ്ഞതു സത്യമാണെന്നു അവൻ ഉറപ്പിക്കുകയായിരുന്നു ആണ യാൽ. ഇതു രണ്ടാമത്തെ തള്ളിപ്പറയൽ.

**ദു: ഖവും കണ്ണുനീരും**

പത്രൊസിന്റെ തീവ്രമായ തള്ളിപ്പറയൽ താൻ അധികവും ഭയപ്പെട്ടതു സംഭവിച്ചു. അവർ അവന്റെ ശ്രദ്ധ തന്നിലേയ്ക്കു

കൊണ്ടുവന്നു. ചെറിയ ഒരു കൂട്ടം ചേർന്നു. ഒരാൾ പത്രൊസ് കാതറുത്തവന്റെ ബന്ധുവാണ്. അവൻ പത്രൊസിനോടു പറഞ്ഞു, "നീയും അവരുടെ കൂട്ടത്തിൽ ഉള്ളവൻ സത്യം. നിന്റെ ഉച്ചാരണവും നിന്നെ വെളിവാക്കുന്നുവല്ലോ." (വാക്യം 73).

ഗലീലക്കാരുടെ ഉച്ചാരണം പ്രത്യേകതയുള്ളതാണ്. അവർ വാക്കുകൾ വിഴുങ്ങിയാണ് സംസാരിക്കുന്നത്. അവർ പല അക്ഷരങ്ങളും ഒരു പോലെയാണ് ഉച്ചരിക്കുന്നത്. മറ്റുള്ളവ ഉച്ചരിക്കുകയുമില്ല. അവരുടെ ഉച്ചാരണം മ്ലേച്ഛമായി മറ്റു യെഹൂദന്മാർ കരുതുന്നതുകൊണ്ടു ഗലീല ക്കാരെ പള്ളിയിൽ ആശിർവ്വാദം പറയാൻ അനുവദിക്കാറില്ല. അ ങ്ങനെ ഓരോ സമയത്തും പത്രൊസ് വായ ്തുറക്കുമ്പോൾ അതു അലാബാമയിലെ - ബോസ്റ്റോണിയനെ പോലെയും മറിച്ചും ആണ്.[5]

"അപ്പോൾ അവൻ 'ആ മനുഷ്യനെ ഞാൻ അറിയുന്നില്ല. എന്നു പ്രഖ്യാപിക്കുവാനും ആണയിടുവാനും തുടങ്ങി!' " (വാക്യം 74). പത്രൊസ് ഔപചാരിക ആണയും മോശമായ മുക്കുവരുടെ സംഭാ ഷണശൈലിയും ചേർത്തു സ്പഷ്ടമാക്കിയതു, "ഇല്ല, ഇല്ല, ഇല്ല ഞാൻ ആ മനുഷ്യനെ അറിയുന്നില്ല!" എന്നാണ് പത്രോസ് ഉച്ചത്തിൽ പറഞ്ഞത്. അങ്ങനെ അവൻ മൂന്നാമതും തള്ളി പറഞ്ഞു.

ലൂക്കോസ് ഇവിടെ ഒരു കുറിപ്പു തരുന്നു: "അപ്പോൾ കർത്താവു തിരിഞ്ഞു പത്രൊസിനെ ഒന്നു നോക്കി" (ലൂക്കോസ് 22:61). ഒരുപക്ഷേ യേശു വാതിൽ വഴിയോ, ജനലിൽ കൂടെയോ ആയിരിക്കാം നോക്കി യത്. അല്ലെങ്കിൽ വിചാരണയുടെ ഭാഗമായി ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേയ്ക്കു കൊണ്ടു പോകുമ്പോഴായിരിക്കാം നോ ക്കിയത്. അതെന്തായാലും അവനു സംഭ വിച്ചുകൊണ്ടിരിക്കുന്നതി നിടയിൽ സംഭവിക്കുന്നതെല്ലാം യേശു അറിഞ്ഞിരുന്നു.

താൻ ചെയ്തതു എന്തെന്നു തിരിച്ചറിഞ്ഞപ്പോൾ പത്രൊ സിന്റെ പ്രതികരണം എന്തായിരുന്നു എന്നു ശ്രദ്ധിക്കുക "ഉടനെ കോഴി കൂകി ... എന്നാറെ കോഴി കൂകുമ്മുമ്പെ നീ എന്നെ മൂന്നു വട്ടം തള്ളി പറയും എന്നു യേശു പറഞ്ഞ വാക്കു പത്രൊസ് ഓർത്തു പുറത്തു പോയി [ആ രംഗം വിട്ട്] അതി ദു: ഖത്തോടെ കരഞ്ഞു" (വാക്യം 74, 75).

ഇതു മനസ്സിൽ സൂക്ഷിച്ചു കൊണ്ടു നമുക്കു നമ്മുടെ പാഠത്തിന്റെ രണ്ടാം ഭാഗത്തിലേക്കു പ്രവേശിക്കാം.

### നമുക്കു വേണ്ടി കോഴി കൂകുമ്പോൾ

നാം വഞ്ചിക്കപ്പെടരുത്. പത്രൊസ് നിന്നിടത്തു നാമെല്ലാവരും നിന്നിരുന്നു. പരേതനായ ഫ്രെഡ് മെക്ളങിന്റെ ഒരു പ്രസംഗം, "മോശെ നിന്നിടത്തു ഞാൻ നിൽക്കുന്നു." അതിൽ അദ്ദേഹം വിവരി ച്ചതു എന്തെന്നാൽ ഒരു സിനിമാകരാർ അയാൾ റദ്ദു ചെയ്തു. എന്നാണ്.

മോശയെ പോലെ ഫറവോന്റെ കൊട്ടാരത്തിലെ സുഖഭോഗങ്ങൾ ത്യജിച്ചതു പോലെ ഫ്രെഡ് സേവനജീവിതത്തിനായി പ്രസിദ്ധിയും പണവും ഉപേക്ഷിച്ചു. നാം മോശെയുടെ സ്ഥാനത്തായിരുന്നില്ല എന്നു തോന്നുന്നു. എന്നാൽ പത്രൊസിന്റെ സ്ഥാനത്തായിരുന്നു.

ആരാധനാ വേളയിൽ നാം "കർത്താവേ ഞാൻ നിന്റേതു" എന്ന പാട്ടു പാടുമ്പോൾ നാം ശക്തരാണെന്നു നമുക്കു തോന്നും. നാം നമ്മുടെ സഹക്രിസ്ത്യാനികളോടൊപ്പമാകുമ്പോൾ നാം വഴങ്ങാത്തവരാണെന്നു തോന്നും. നമ്മോടു എപ്പോഴെങ്കിലും കർത്താവിനെ തള്ളി പറയുമോ എന്നു ചോദിച്ചാൽ "ഒരിക്കലുമില്ല!" എന്നതാകും മറുപടി. പിന്നെ നാം "യഥാർത്ഥ ലോകത്തിലേയ്ക്കു" വരുന്നു – പരീക്ഷണങ്ങൾ. ജനക്കൂട്ടം നമ്മെ ഞെരുക്കുന്നു. സമ്മർദ്ദം പ്രത്യക്ഷമായി നമ്മെ സമ്മർദ്ദത്തിലാക്കുമ്പോൾ കഥമാറും!

സമ്മർദ്ദം പ്രത്യക്ഷമാകുമ്പോൾ ആളുകൾ എന്തു ചെയ്യും എന്നതിനെ കുറിച്ചു ഈയിടെ ചില ചിത്രീകരണങ്ങൾ ഞാൻ വായിക്കുകയുണ്ടായി. ബധിരനായ ഒരു കുട്ടി കേൾവിക്കു സഹായിക്കുന്ന യന്ത്രം വെയ്ക്കാറില്ല. കാരണം താൻ മറ്റുള്ളവരിൽ നിന്നു വ്യത്യസ്തനാണ് എന്നുതോന്നിപ്പിക്കാതിരിക്കാൻ. ഭൂരിഭാഗവും അന്ധതയുള്ള പെൺകുട്ടി തന്റെ ന്യൂനതാവസ്ഥകളെ അറിയി ക്കാൻ ആഗ്രഹിച്ചില്ല. അവൾ ഓടി ചുമരിലും ഉപകരണങ്ങളിലും തന്നെത്താൻ ചെന്നിടിച്ചു മുറിയുവാൻ ഇടവരുന്നു. യുവാക്കളോട് പരീക്ഷണാർത്ഥം ചോദിച്ചു കൊണ്ടിരുന്നപ്പോൾ ഒരാൾ പറഞ്ഞു ഏറ്റവും ചെറിയ ലൈനാണ് ഏറ്റവും വലുത്. കാരണം മറ്റെല്ലാ യുവാക്കളും അങ്ങനെ പറയുന്നു. "ഓ അവരെല്ലാം കുട്ടികളല്ലേ" എന്ന വിലയിരുത്തൽ നടന്നു. എന്നാൽ ആരോ പറഞ്ഞു, അല്ല അതു നമ്മെ ബാധിക്കുന്നതാണ്. തമാശയാണെന്നു നിങ്ങൾ വിചാ രിക്കാത്ത തമാശ കേൾക്കുമ്പോൾ മറ്റുള്ളവരെല്ലാം ചിരിക്കുന്നതു കൊണ്ടു നിങ്ങളും ചിരിച്ചിട്ടുണ്ടോ?

പലപ്പോഴും നമ്മുടെ നല്ല ഉദ്ദേശങ്ങളെ യാഥാർത്ഥ്യം തട്ടുമ്പോൾ നാം ക്രിസ്തുവിനെ തള്ളി പറയും. വാക്കുകൾ കൊണ്ട് അല്ലെങ്കിൽ പ്രവർത്തികൾ കൊണ്ട്, അല്ലെങ്കിൽ ശബ്ദിക്കേണ്ട സമയത്തു നിശ്ശബ്ദത പാലിക്കും. നാം ഒരിക്കലല്ല തള്ളി പറയുന്നതു. വീണ്ടും വീണ്ടും മനഃസാക്ഷിക്കു അടി ഏല്ക്കാതെ.

ഒരു സമയത്തേയ്ക്കു മനഃസാക്ഷിയെ നിശബ്ദമായി നിർത്താമെന്നതു ശ്രദ്ധിക്കേണ്ട കാര്യമാണ്. സീറ്റ് ബെൽറ്റ് ആദ്യമായി വന്നതു ഓർക്കുക. അനേക കാറുകളിൽ സീറ്റ് ബെൽറ്റ് ഇടുന്നതിന് ഓർമ്മിപ്പിക്കുന്ന ബെല്ലുകൾ ഘടിപ്പിച്ചിട്ടുണ്ട്. സീറ്റ് ബെൽറ്റിന്റെ ബക്കിൾ ഇല്ലെങ്കിൽ ബെല്ല് ആരവം മുഴക്കി കൊണ്ടിരിക്കും. എന്റെ സ്നേഹിതന്മാർക്കു പലർക്കും ഈ ബെല്ല് ഇഷ്ടമായിരുന്നില്ല സീറ്റ് ബെൽറ്റ് ഇടാൻ അവർക്കു താല്പര്യമായിരുന്നു. അതുകൊണ്ട് ഈ

ബെല്ലിന്റെ ശല്ല്യം അവർക്കു ഇഷ്ടമായിരുന്നില്ല. അങ്ങനെ അവർ ആ ബെല്ല് പ്രവർത്തനരഹിതമാക്കി വച്ചു. ചിലർ ബെല്ലിന്റെ ബന്ധം വിഛേദിച്ചു കളയും. ചിലർ സീറ്റ് ബെൽറ്റിന്റെ ബക്കിൾസ് യോജിപ്പിച്ച് ആതിന്മേൽ ഇരിക്കും. ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ബെല്ലിനെ നിശബ്ദമാക്കും. നമ്മിൽ ചിലർ മനഃസാക്ഷിയെ അങ്ങനെയാക്കും. മനഃസാക്ഷി എന്നതു ദൈവം പ്രധാനമായി ഉപയോഗിക്കുന്ന മുന്നറിയിപ്പുകളുടെ ഒരു ഭാഗമാണ് – എന്നാൽ അതു നമുക്കു ഇഷ്ടമല്ല – അതുകൊണ്ടു "നാം അവയെ അവഗണിക്കും" നാം ബന്ധം വിഛേദിച്ചു നമ്മുടെ വഴിക്കു പോകും.

*കോഴി കൂകുന്നതു* വരെ നാം പോയ്ക്കൊണ്ടിരിക്കും – ചിലതു സംഭവിച്ചു, പാപം നമ്മെ വീട്ടിൽ കൊണ്ടു വരുന്നതുവരെ. ഒരു സ്നേഹിതന്റെ, ഒരു വാക്കിൽ നിന്നാകാം. ഒരുപക്ഷേ ബൈബിൾ ക്ലാസിൽ നിന്നാകാം. ഒരു പ്രസംഗം ആകാം, പാട്ടാകാം, ആരോഗ്യന ഷ്ടമാകാം. ഒരു സ്നേഹിതന്റെ മരണമാകാം അല്ലെങ്കിൽ കുടുംബ പ്രശ്നമാകാം. ഒരുപക്ഷേ ലോകമാകെ ആടിയുലഞ്ഞു നമുക്കു ചുറ്റും വീണു കൊണ്ടിരിക്കുന്നു.

വ്യത്യസ്തമായ പല "പൂവൻ കോഴികൾ" ആളുകളെ ഉണർ ത്തുന്നതായി ബൈബിൾ നമ്മോടു പറയുന്നുണ്ട്. ആദാമിനേയും ഹവ്വയേയും ദൈവം തോട്ടത്തിൽ നടക്കുമ്പോൾ അവന്റെ ശബ്ദ മായി വന്നു. ദാവീദിനു അതൊരു സ്നേഹിതന്റെ വാക്കായി "നീയാണ് ആ മനുഷ്യൻ" വന്നു. യോനക്കു മത്സ്യത്തിനുള്ളിൽ ക്ഷണിക്കപ്പെ ടാത്ത ഒഴിവു സമയമായി വരുന്നു. മുടിയനായ പുത്രനു വിശപ്പടക്കാൻ മണ്ണിൽ അഴുക്കു പുരണ്ട പന്നിയുടെ കൂട്ടിലെ ആഹാരമായിരുന്നു. അതു ഏതു രൂപത്തിലും വരാം.

അതെന്തായാലും കോഴികൂകും; നമ്മുടെ കുറ്റപ്പെടുത്തുന്ന മനസാക്ഷിയിൽ സമ്മർദ്ദം ഏറി നമ്മെ കരയിപ്പിക്കും. "കുറ്റവാളി, കുറ്റവാളി!" പിന്നെ നാം പ്രതികരിച്ചു കരയും "നാം എന്താണ് ചെയ്യുന്നത്? ഇതെങ്ങനെ ചെയ്യാൻകഴിഞ്ഞു? ദൈവത്തിൽ നിന്നു ഇത്രത്തോളം അകലുവാൻ നമ്മെ എങ്ങനെ നാം അനുവദിക്കും?"

കോഴി കൂകുമ്പോൾ മൂന്നു പ്രതികരണങ്ങൾക്കു സമയമായി.

**ഓർമ്മക്കുള്ള ഒരു സമയം**

ആദ്യം ഇതു ഓർമ്മയ്ക്കുള്ള സമയമാണ്. നമ്മുടെ വേദഭാഗം പറയുന്നു: "യേശു പറഞ്ഞ വാക്ക് പത്രൊസ് ഓർത്തു" (വാക്യം 75).

നമ്മെ നന്നായി പഠിപ്പിച്ചിട്ടുണ്ട്. നമുക്കറിയാം എങ്ങനെ ജീവിക്ക ണമെന്ന്. എങ്ങനെ പ്രവർത്തിക്കണമെന്നു നമുക്കറിയാം.എന്നിരു ന്നാലും ചില കാരണങ്ങളാൽ, നമ്മെ പഠിപ്പിച്ചതെല്ലാം നമ്മുടെ മനസ്സിൽ അടച്ചു കളയുകയാണ്. ഇപ്പോൾ ഓർക്കേണ്ട സമയമാണ്.

ഓർമ്മ പ്രധാനമാണ്. മുടിയനായ പുത്രൻ തന്റെ പിതാവിന്റെ വീടിനെ ഓർത്തു: എഫെസോസിലെ സഭയോടു യേശു പറഞ്ഞു, "നീ ഏതിൽ വീണിരിക്കുന്നു എന്നു ഓർത്തു മാനസാന്തരപ്പെടുക" (വെളിപ്പാട് 2:5).

നിങ്ങൾ എന്താണ് ഓർക്കേണ്ടതു? ദൈവം നിങ്ങളെ സ്നേഹിക്കുന്നു എന്നോർക്കുക - യേശു തന്റെ ശിഷ്യന്മാരെ സ്നേഹിച്ചതു പോലെ, അവർ ചിതറിപോകുമെന്നു പറഞ്ഞിരുന്നെങ്കിലും, തന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേല്പ് മുൻകൂട്ടി തന്റെ ശിഷ്യന്മാരോടു അറിയിച്ചതു ഉൾപ്പെടുന്നതുകൊണ്ട് - സുവിശേഷം നല്ല വിശേഷമാണെന്നോർക്കുക. നിങ്ങൾ മടങ്ങി വന്നാൽ ദൈവം നിങ്ങളോടു ക്ഷമിക്കുമെന്നോർക്കുക. യേശു പറഞ്ഞതിലെല്ലാം അതു അന്തർലീനമായിരുന്നു. നാം അനുവദിക്കുന്നില്ലെങ്കിൽ; പരാജയം വിധികല്പിതമല്ല - വീഴ്ച അവസാനമല്ല.

**മാനസാന്തരത്തിനുള്ള സമയം**

രണ്ടാമതു, കോഴികൂകുമ്പോൾ, അതു മാനസാന്തരത്തിനുള്ള സമയമാണ് "അവൻ പുറത്തു പോയി അതിദുഃഖത്തോടെ കരഞ്ഞു" (വാക്യം 75).

യേശുവിനെതിരായി ... കയ്പ്പേറിയതൊന്നുംപത്രൊസ് പ്രവർത്തിച്ചില്ല - അല്ലെങ്കിൽ ആളുകളുടെ പ്രമാണിമാർക്കെതിരേയും, സമ്പദ്വ്യവസ്ഥക്കെതിരേയും ... ലൗകികസാഹചര്യത്തിനെതിരെയും ... അല്ലെങ്കിൽ മീൻ പിടുത്തക്കാരോടുള്ള പെരുമാറ്റത്തി നെതിരെയും ഒന്നും അവൻ പ്രവർത്തിച്ചില്ല. *പത്രൊസിനു* ഏതെങ്കിലും കയ്പ്പ് ഉണ്ടായിട്ടുണ്ടെങ്കിൽ അവനു ആയിരിക്കേണ്ടതു ആകാൻ കഴിഞ്ഞില്ല, ചെയ്യേണ്ടതു ചെയ്യാൻ കഴിഞ്ഞില്ല എന്നായിരുന്നു.

അടിക്കടി യൂദായ്ക്കും പത്രൊസിനും ഇടയിൽ വൈപരീത്യം സൂചിപ്പിക്കാൻ കഴിയും. യൂദാ കർത്താവിനെ വിറ്റശേഷം, അവനും പശ്ചാത്താപമുണ്ടായി. എങ്കിലും, അവൻ കരഞ്ഞില്ല. മറിച്ച് അവൻ പുറത്തു പോയി തന്നെത്താൻ കെട്ടിത്തൂങ്ങി മരിച്ചു (മത്തായി 27:3). ലോകപ്രകാരമുള്ള ദുഃഖവും ദൈവഹിതപ്രകാരമുള്ള ദുഃഖവും തമ്മിൽ വ്യത്യാസമുണ്ട് (2 കൊരിന്ത്യർ 7:10), പശ്ചാത്താപവും മാനസാന്തരവും തമ്മിൽ വ്യത്യാസം ഉണ്ട്.

കോഴികൂകുമ്പോൾ, അതുസന്തോഷിപ്പാനുള്ളസമയമല്ല. കോഴിയെ നിശബ്ദമാക്കാൻ അതിനു തീറ്റി എറിഞ്ഞുകൊടുക്കാൻ നിങ്ങൾ പരീക്ഷിക്കപ്പെട്ടേക്കാം. കോഴിയുടെ കഴുത്തിനു മുറുക്കി പിടിക്കുവാനും പരീക്ഷിക്കപ്പെട്ടേക്കാം. ദൈവകരുണയാൽ ദൈവം, "കോഴികൂകൽ" തന്നിരിക്കുന്നതു നമ്മെ ഉണർത്തുന്നതിനും നമ്മുടെ മത്സരത്തിലുള്ള കടുത്തപാപം കാണുവാൻ നാമ്മെ സഹായിക്കു

ന്നതിനുമാണ്. അതുകൊണ്ടു കോഴി കൂകുമ്പോൾ നമ്മുടെ ഹൃദയങ്ങൾ നുറുങ്ങി പറയണം, "ദൈവമേ, ഞങ്ങൾ പാപം ചെയ്തുപോയി. ഞങ്ങൾ നിന്നെ വാക്കിൽ, വിചാരത്തിൽ, പ്രവൃത്തിയിൽ തള്ളി പറഞ്ഞു. എന്നാൽ നിന്റെ സഹായത്തോടെ, ഞങ്ങൾ നന്നായി ജീവിക്കും!"

**പുതുക്കത്തിനുള്ള ഒരു സമയം**

ഇതു നമ്മെ മൂന്നാമത്തെ ഓർമ്മിക്കലിലേക്കു കൊണ്ടു വന്നിരിക്കയാണ്: കോഴികൂകുമ്പോൾ, അതു നമ്മുടെ പുതുക്കത്തിനുള്ള സമയമാണ്.

ഇങ്ങനെ ചോദിച്ചേക്കാം, "പത്രൊസിന്റെ കരച്ചിൽ പശ്ചാത്താപമല്ല, മാനസാന്തരമാണ് എന്നു നിങ്ങൾക്കെങ്ങനെ അറിയാം?" ഇതിനുള്ള ഉത്തരം പത്രൊസിന്റെ പിന്നെയുള്ള പ്രവൃത്തികളിൽ ദൃശ്യമാണ്. പത്രൊസിന്നു യേശു മറ്റൊരു അവസരം കൊടുത്തു. അവൻ പ്രയോജനപെടുത്തി.

ശിഷ്യന്മാർ അവനെ വിട്ടു ചിതറി ഓടിപോകുമെന്നു യേശു പറഞ്ഞപ്പോൾ, അവൻ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു ഗലീലയിൽ അവരെ കാണുമെന്നും പറഞ്ഞിരുന്നു (മത്തായി 26:31, 32). യേശു മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റശേഷം, തുറക്കപ്പെട്ട കല്ലറക്കൽ നിന്ന സ്ത്രീകളോടു ദൈവദൂതൻ പറഞ്ഞു, "അവൻ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേറ്റു എന്നു വേഗം ചെന്നു അവന്റെ ശിഷ്യന്മാരോടു പറവിൻ, അവൻ നിങ്ങൾക്കു മുമ്പേ ഗലീലക്കു പോകുന്നു; അവിടെനിങ്ങൾ അവനെ കാണും" (മത്തായി 28:7). യോഹന്നാൻ 21-ാം അദ്ധ്യായത്തിൽ ഗലീലാ കടല്ക്കരയിൽ വെച്ചു ശിഷ്യന്മാരെ കാണുന്നതായി പറയുന്നുണ്ട് - പ്രത്യേകിച്ചു യേശു പത്രൊസിനോടു സംഭാഷിക്കുന്നുണ്ട്, തുടരെതുടരെ യേശു അവനോടു ചോദ്യങ്ങളും ചോദിക്കുന്നുണ്ട്:

> യേശു പത്രൊസിനോടു, "യോഹന്നാന്റെ മകനായ ശിമോനേ, നീ ഇവരിൽഅധികമായിഎന്നെസ്നേഹിക്കുന്നുവോ എന്നു ചോദിച്ചു?" [യേശു ഒരുപക്ഷേ വള്ളം, വല, മീൻ എന്നിവയെക്കുറിച്ചായിരിക്കാം സൂചിപ്പിച്ചത്] അതിന്നു അവൻ, "ഉവ്വ് കർത്താവേ; എനിക്കു നിന്നോടു പ്രിയമുണ്ട്" എന്നു നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. "എന്റെ കുഞ്ഞാടുകളെ മേയ്ക്ക" എന്നു അവൻ അവനോടു പറഞ്ഞു. രണ്ടാമതും അവനോടു, യോഹന്നാന്റെ മകനായ "ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു?" "അതിനു അവൻ ഉവ്വ് കർത്താവേ എനിക്കു നിന്നോടു പ്രിയമുണ്ട് എന്നു നീ അറിയുന്നുവല്ലോ?" എന്നു പറഞ്ഞു. "എന്റെ ആടുകളെ പാലിക്ക" എന്നു അവൻ അവനോടു പറഞ്ഞു.മൂന്നാമതും

> അവനോടു, "യോഹന്നാന്റെ മകനായ ശീമോനേ, നിനക്കു എന്നോടു പ്രിയമുണ്ടോ?" എന്നു ചോദിച്ചു. എന്നോടു പ്രിയമുണ്ടോ എന്നു മൂന്നാമതും ചോദിക്കയാൽ പത്രൊസ് ദുഃഖിച്ചു. "കർത്താവേ നിന ക്കെല്ലാം അറിയാം എനിക്ക് നിന്നോട് പ്രിയമുണ്ടെന്നും" എന്നു അവനോടു പറഞ്ഞു.യേശു അവനോടു, "എന്റെ ആടുകളെ മേയ്ക്ക" (യോഹന്നാൻ 21:15-17).

പത്രൊസ് യേശുവിനെ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞു. ഓരോ പ്രാവശ്യവും പത്രൊസിന്റെ സ്നേഹത്തിനു കർത്താവു ഉറപ്പു വരുത്തുന്നു.

യേശു പത്രൊസിന്നു ഇപ്പോഴും ചില ജോലി ഏല്പിച്ചു കൊടുക്കുന്നു എന്ന പ്രത്യേകതയാണ് ഞാൻ ശ്രദ്ധിക്കാൻ ആഗ്ര ഹിക്കുന്നത്: "എന്റെ ആടുകളെ മേയ്ക്കുക" എന്നു യേശു മൂന്നു പ്രാവശ്യം പറയുന്നുണ്ട്. പത്രൊസ് ഭയങ്കരമായ പാപമാണ് ചെയ്തത്: പത്രൊസ് അതു മതിയാക്കിയിട്ടില്ല."കർത്താവിന്റെ രണ്ടാമത്തെ അവസരത്തിനായി" അവൻ നോക്കിയിരിക്കുന്നു.

ഈ കൃപാകരമായ അവസരത്തെ പത്രൊസ് പൂർണ്ണമായും പ്രയോജനപ്പെടുത്തി. പ്രവൃത്തി 2-ാം അദ്ധ്യായത്തിൽ, പെന്തെകൊ സ്തു നാളിൽ പത്രൊസ് ധൈര്യമായി നിന്നു യേശുതന്നെ ക്രിസ്തു എന്നു തെളിയിച്ചുകൊണ്ടിരുന്നു. പ്രവൃത്തി 10-ാം അദ്ധ്യായത്തിൽ കൈസര്യയിൽ ഒരു ഭവനത്തിൽ കൊർന്നെല്ല്യോസിനോടും അവന്റെ വീട്ടിലുള്ളവരോടും അവൻ പ്രസംഗിക്കുന്നതു നാം കാണുന്നുണ്ട്!

കോഴികൂകുമ്പോൾ, നാം ആഗ്രഹിക്കുന്നതു അതു അവസാനമല്ല. നാം ക്രിയാത്മകമായി പ്രതികരിക്കുന്നു എങ്കിൽ ഈ അനുഭവത്തിൽ നിന്നു പൗലോസ് ശക്തനായി ബുദ്ധിപരമായി യജമാനന്നു കൂടുതൽ ഉപയോഗപ്രദനായി വരുന്നു. തന്റെ ജീവിതത്തിൽ ഇതൊരു പഴയ ഇതിഹാസമായി പിന്നീട് മാറുന്നുണ്ട്. ഒരു കോഴി കൂകുമ്പോഴെല്ലാം തന്റെ പ്രസംഗത്തിൽ ഇടറി, മുഖം ചുവന്നു പോകും പിന്നെ മുമ്പത്തേക്കാൾ കൂടുതൽ ഉത്സാഹത്തോടും എരിവോടും കൂടെ വീണ്ടും തുടങ്ങും - കൂടുതൽ സ്നേഹത്തോടും മനസിലാക്കലോടും കൂടെ.

ദൈവം ആഗ്രഹിക്കുന്നതിൽ കുറഞ്ഞവനാക്കുന്നതിനു ഒരു തെറ്റിനേയും പൈശാചികമായ തെറ്റിനേയും അനുവദിക്കരുത്. കോഴി കൂകുമ്പോൾ നാം ഉണരുന്നതിനുള്ള സമയമാണ്, പുതുക്കലിനു സമയമായി.

**ഉപസംഹാരം**

ഈ സംഭവത്തിൽ ഒരു പാഠം എളുപ്പത്തിൽ വിട്ടുപോകാൻ സാദ്ധ്യതയുണ്ട്. ഓരോ സുവിശേഷം എഴുതിയവരും പത്രൊസിന്റെ

വീഴ്ചയെപ്പറ്റി പറഞ്ഞിട്ടുണ്ട്. മിക്കവാറും യാഥാസ്ഥിതിക പണ്ഡിതന്മാർ സമ്മതിക്കുന്നതു മർക്കൊസിന്റെ വിവരണമാണ് ഇതിനെക്കുറിച്ചു ആദ്യം എഴുതിയതു എന്നാണ്. അങ്ങനെ ഈ സംഭവം ആദ്യം വിതരണം ചെയ്യപ്പെട്ടു. യേശുവിന്റെ സംഭവത്തെ കുറിച്ചു പത്രൊസ് നല്കുന്നവിവരണമായിട്ടാണ്മർക്കൊസ്രേഖപ്പെടുത്തിയിരിക്കുന്ന തെന്നാണ് അധികം പേരും മനസിലാക്കിയിരിക്കുന്നത്. പാപ്പിയാസ് അവകാശപ്പെടുന്നത്, മർക്കൊസിന്റെ സുവിശേഷം എന്നു പറയുന്നതു മർക്കൊസിന്റെ പ്രസംഗമെഴുതിയിരിക്കുന്നു എന്നല്ലാതെ മറ്റൊന്നല്ല എന്നാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ പത്രൊസിന്റെ പാപം പത്രൊസ് തന്നെയാണ് പരസ്യമാക്കിയത്.

അതു ഏതാണ്ടു പത്രൊസ് പറയുന്നതു, ''എനിക്കു സംഭ വിച്ചതെന്തെന്നു ഞാൻ പറയാൻ ആഗ്രഹിക്കുന്നു, അതുകൊണ്ടു നിങ്ങൾക്കു പ്രയോജനം ലഭിക്കും. ഈ പാഠങ്ങൾ പഠിക്കുക:ഒന്നാമതു, ആരും വീണുപോകാം. ഞാൻ വീഴുമെന്നു വിചാരിച്ചില്ല, എന്നാൽ എനിക്കു അതു സംഭവിച്ചു – അതുകൊണ്ടു നിങ്ങളും വീണു പോയേക്കാം. രണ്ടാമത്, നിങ്ങൾ വീഴുമ്പോൾ അതവസാനമല്ല കർത്താവു കൃപയും ദയയുമുള്ളവനാണ്. അവൻ നിങ്ങൾക്കു വീണ്ടും ഒരവസരം തരും. നിങ്ങൾ*ക്കു* തിരിച്ചു*വരാം*."

ഈ പാഠം മറ്റൊരാൾക്കായി കോഴികൂകുന്നതായി എടു ക്കാമെന്നും ഞാൻ ചിന്തിക്കുന്നു. ചുരുങ്ങിയതു ഒരാൾക്കു അതു സംഭവിച്ചതു നേരിട്ടു അയാൾക്കു മാനസാന്തരം ഉണ്ടാക്കുന്നതിന്നും, അയാൾ മടങ്ങിവരുന്നതിനും വേണ്ടിയാണ്.

പിശാചിന്നു ഇഷ്ടപ്പെട്ട രണ്ടു നുണകൾ ഉണ്ട്. നിങ്ങൾ പ്രതികരിക്കേണ്ടിവരുമ്പോൾ, അവൻ പറഞ്ഞുകൊണ്ടിരിക്കും, "അതു പെട്ടെന്ന്, പെട്ടെന്ന്. എന്നാൽ കർത്താവിനെ അനുസരിക്കാൻ ധൃതി പിടിക്കേണ്ട." നിങ്ങൾ പാപം ചെയ്തു ദുഃഖിക്കുകയാണ് എന്നു വിചാരിച്ചോ, രണ്ടാമത്തെ നുണ: "ഇപ്പോൾ താമസിച്ചു പോയി ഇനി ഒന്നും ചെയ്യേണ്ടതില്ല, നിങ്ങൾ വളരെ ദൂരെ പോയിരിക്കുന്നു'' ഭോഷ്ക്കു പറയുന്നവന്റെ അപ്പനായ പിശാചിനെ വിശ്വസിക്കരുത്! നിങ്ങളുടെ ഹൃദയം സ്പർശിക്കപ്പെട്ടിട്ടുണ്ടെങ്കിൽ കർത്താവിന്നു നിങ്ങളുടെ ഹൃദയം കൊടുപ്പാൻ പെട്ടെന്ന് എന്നു വിചാരിക്കരുത്. കർത്താവിങ്കലേക്കു മടങ്ങിവരാൻ താമസിച്ചു പോയി എന്നും ഒരിക്കലും വിചാരിക്കരുത്!

പത്രൊസ് പാപം ചെയ്തപ്പോൾ കർത്താവു നിന്നു അവനെ നോക്കി. കർത്താവു ഇപ്പോൾ നിങ്ങളെ നോക്കുന്നു. ഏതുതരത്തി ലുള്ള നോട്ടമാണ്? സന്തോഷത്തോടെയുള്ളതോ? നിരാശയോ ടെയുള്ള നോട്ടമാണോ? കൂടാതെ മറ്റെന്തായാലും ശരി ആ നോട്ടം സ്നേഹത്തിന്റേയും മനസ്സലിവിന്റേയും ആണ്. എന്നു തീർച്ച.

നിങ്ങൾ ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേല്ക്കണമെന്നുണ്ടെങ്കിൽ അല്ലെങ്കിൽ കർത്താവിങ്കലേക്കു യഥാസ്ഥാനപ്പെടുവാനുദ്ദേശിക്കുന്നെങ്കിൽ നിങ്ങളുടെ ഹൃദയം സ്പർശിക്കപ്പെടുവാൻ അനുവദിക്കുമോ?

---

**കുറിപ്പുകൾ**

[1]എന്റെ ഒരു സ്നേഹിതനായ ചെസ്റ്റർ ഡേവിഡ് നിർദ്ദേശിക്കുന്നത് പൂവൻ കോഴി യുദ്ധോത്സുകനായി ആംഗ്യം കാണിച്ച് "തന്റെ പ്രദേശത്തെ" - വിളിച്ചോതുന്നു എന്നാണ്. [2]KJV ഈ ഭാഗത്തു "ഇടർച്ച" എന്നാണ് ഉപയോഗിച്ചത്. [3]വിചാരണ സമയത്തു യോഹന്നാൻ എവിടെയായിരുന്നു എന്നു നമുക്ക് അറിഞ്ഞുകൂടാ. ഒരുപക്ഷേ നടപടികൾ കാണുന്നതിനു അവനെ അകത്തു പ്രവേശിപ്പിച്ചിരിക്കാം. [4]മേൽക്കൂരയിൽ നിന്നു തൂങ്ങി കിടക്കുന്ന "മണ്ഡപത്തിലേക്കു" പത്രോസ് പോയി എന്നാണ് KJV സൂചിപ്പിച്ചിരിക്കുന്നത്. [5]അമേരിക്കയിലെ അത്യന്തമായ രണ്ടു ഉച്ചാരണങ്ങളാണിവ. ഈ ചിത്രീകരണം വ്യക്തിപരമാകും വിധം മറ്റു ഉച്ചാരണങ്ങൾ വിവരിക്കാം.